ॐ



**അഹം ഭക്തപരാധീനോ ഹ്യസ്വതന്ത്ര ഇവ ദ്വിജ**
**സാധുഭിർഗ്രസ്തഹൃദയോ ഭക്തൈർഭക്തജനപ്രിയ: (9-4-63)**
**സാധവോ ഹൃദയം മഹ്യം സാധൂനാം ഹൃദയം ത്വഹം**
**മദന്യത് തേ ന ജാനന്തി നാഹം തേഭ്യോ മനാഗപി (9-4-68)**

*ശുകമുനി തുടർന്നു:*
അംബരീഷൻ ഭഗവൽപ്രീതിക്കായി ദ്വാദശിവ്രതമെടുത്തു. തലേദിവസം നിരാഹാരവ്രതമെടുത്ത് പിറ്റേന്ന്, അതായത് ദ്വാദശിദിനത്തിൽ, ഭഗവാനോടുള്ള തീവ്രഭക്തിയിൽ വിപുലമായ പൂജയോടുകൂടി അംബരീഷൻ വ്രതമവസാനിപ്പിച്ചു. മാമുനിമാർക്കും മറ്റും വിലയേറിയ സമ്മാനങ്ങൾ നൽകുകയും ചെയ്തു. വ്രതമവസാനിപ്പിച്ച് ജലപാനത്തിന് സമയമായപ്പോഴേയ്ക്കും ദുർവ്വാസാവ് മുനി അവിടെയെത്തി. മുൻകോപിയാണ് മഹർഷി. അംബരീഷൻ ബഹുമാനത്തോടെ മുനിയെ എതിരേറ്റു. ദുർവ്വാസാവ് അദ്ദേഹത്തിൻെറ ആതിഥ്യം സ്വീകരിച്ചു. സ്നാനത്തിനായി നദിക്കരയിലേക്ക് പോവുകയും ചെയ്തു.

ദ്വാദശിദിനത്തിൽ വ്രതമവസാനിപ്പിക്കുന്നതിൻെറ ഭാഗമായി ഭക്ഷണം കഴിക്കുവാൻ നിശ്ചിതസമയമുണ്ട്. ഈ സമയം കഴിയാൻ കാൽമണിക്കൂർ മാത്രമെ ബാക്കി ഉണ്ടായിരുന്നുള്ളൂ. വ്രതപരിപാലനോത്സുകനായി അംബരീഷൻ മുനിമാരുടെ അനുവാദത്തോടെ ഒരൽപ്പം ജലപാനം നടത്തി. കുറച്ച്കഴിഞ്ഞ് ദുർവ്വാസാവ് മടങ്ങിയെത്തി. വിവരമറിഞ്ഞ് മുനി കോപിഷ്ടനായി. തന്നെ സ്വീകരിക്കുംമുൻപ്പ് ആതിഥേയൻ ഭക്ഷണം കഴിച്ചിരിക്കുന്നു അദ്ദേഹം തൻെറ ജഡയിൽനിന്നും ഒരു മുടി പറിച്ചെടുത്തെറിഞ്ഞു. അതൊരു രാക്ഷസിയായി അംബരീഷനെ വിഴുങ്ങാനൊരുങ്ങി.

ഭഗവാൻെറ സുദർശനചക്രം സദാ ഭക്തനെ സംരക്ഷിക്കുന്നു. അത് ദുരാത്മാവിനെ വധിച്ച് ദുർവ്വാസാവിന് നേരെ തിരിഞ്ഞു. ഇതുകണ്ട് ഭയചകിതനായ മുനി തൻെറ പ്രാണനുമായി ഓടി. ചക്രം അദ്ദേഹത്തെ പിന്തുടർന്നു. മൂന്നുലോകങ്ങളിലും അഭയം കിട്ടിയില്ല. ഒടുവിൽ ബ്രഹ്മാവിനെ ശരണം പ്രാപിച്ചു. ബ്രഹ്മാവും താൻ നിസ്സഹായനാണെന്നറിയിച്ചു. പരമശിവനും വിഷ്ണുചക്രത്തിൽനിന്ന് മുനിയെ രക്ഷിക്കാനാവില്ലെന്ന് പറഞ്ഞു, എന്നാൽ ഭഗവാൻ വാസുദേവനെ ആശ്രയിക്കാൻ ഉപദേശിച്ചു വിട്ടു. ദുർവ്വാസാവ് ഭഗവാൻെറ കാൽക്കൽ വീണ് അഭയം തേടി. തൻെറ പാപത്തിനും ഭക്തനിന്ദക്കും മുനി ക്ഷമ യാചിച്ചു.

*ഭഗവാൻ മറുപടിയായി പറഞ്ഞു:*
അല്ലയോ മഹർഷേ, ഞാൻ എൻെറ ഭക്തരുടെ അധീനതയിലാണ്. അങ്ങിനെ നോക്കിയാൽ ഞാൻ സ്വതന്ത്രനല്ല. എൻെറ ഭക്തർ അവരുടെ ഭാര്യ, മക്കൾ, സ്വത്തുക്കൾ എന്നുവേണ്ട സ്വജീവൻ പോലും എനിക്കുവേണ്ടി ഉപേക്ഷിക്കാൻ തയ്യാറായി ജീവിക്കുന്നു. അങ്ങിനെയുള്ള ഭക്തരെ ഉപേക്ഷിക്കുന്നതെങ്ങിനെ? നന്മനിറഞ്ഞ ഉത്തമമനുഷ്യർ എൻെറ ഹൃദയവും ഞാൻ അവരുടെ ഹൃദയത്തിലുമാണ്. അവർക്ക് ഞാനല്ലാതെ മറ്റൊരു സത്യത്തേയും അറിയില്ല. എനിക്കും അവരെ മാത്രമെ അറിയൂ. അതുകൊണ്ട് ഞാനൊരു കാര്യം പറയാം. അംബരീഷനോട് ചെന്ന് ക്ഷമ ചോദിച്ചാലും. ഈയൊരു മാർഗ്ഗം മാത്രമെ അങ്ങയെ നേരിടുന്ന ദുരിതത്തിൽ നിന്ന് രക്ഷയായിട്ടുള്ളു. തപസ്സും പൂജയും ഉന്നതഫലമുണ്ടാക്കണമെങ്കിൽ മുനിമാർക്ക് വിനയവും വേണം. എന്നാൽ അഹങ്കാരികളായവർ തപസ്സനുഷ്ഠിച്ചതുകൊണ്ട് ആശിച്ച ഫലം ലഭിക്കുകയില്ല. അങ്ങേക്ക് പറ്റിയതിതാണ്. വേഗം തന്നെ അംബരീഷനെ കണ്ട് ക്ഷമചോദിക്കൂ.